"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - മ്യൂസിയം തമ്പാനൂർ ഓവർബ്രിഡ്ജ് റോഡ് വികസനം - എൽ.എ.ആർ. 562/08 നമ്പർ കേസിന്മേലുള്ള ബാലൻസ് തുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1004/2025/LSGD തീയതി,തിരുവനന്തപുരം, 22-04-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.214/2025/തസ്വഭവ തീയതി 21.01.2025

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം തമ്പാനൂർ ഓവർബ്രിഡ്ജ് റോഡ് വികസനത്തിനായി ശ്രീ.വേലായുധൻ പിള്ള (Late) & അദ്ദേഹത്തിന്റെ 0.28 ആർ സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 562/08 നമ്പർ കേസിൽ, ബാലൻസ് വിധിക്കടത്തുകയായ 1,65,357/- രൂപ കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ഉത്തരവായിരുന്നു.

2) മുൻ സാമ്പത്തിക വർഷം ഉത്തരവായ മേൽ പരാമർശിത തുക ടി വർഷം തന്നെ കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് കഴിഞ്ഞിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ എൽ.എ.ആർ. 562/08 നമ്പർ കേസിൽ പരാമർശം (1) പ്രകാരം കക്ഷികൾക്ക് അനുവദിക്കുന്നതിന് ഉത്തരവായ 1,65,357/- രൂപ (ഒരു ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി അൻപത്തിയേഴ് രൂപാ മാത്രം) നടപ്പ് സാമ്പത്തിക വർഷം "4217-60-800-93-Payment of Compensation in LAR Cases" എന്ന ശീർഷകത്തിൽ നിന്ന് കക്ഷികൾക്ക് അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

ജില്ലാ കളക്ടർ, തിരുവനന്തപുരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം

എൽ.എ.ആർ. 562/08-ലെ കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/242/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 22-04-2025 14:27:51

സെക്ഷൻ ഓഫീസർ